# 48/2023-M

| ചോദ്യ പുസ്തക അക്ഷര കോഡ് | M | ചോദ്യ പുസ്തക ക്രമ നമ്പർ |
|---|---|---|

| | |
|---|---|
| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 1 മണിക്കൂർ 30 മിനിട്ട് |
| പരമാവധി മാർക്ക് : 100 | |

M

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. A, B, C, D എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

DO NOT WRITE HERE

1. തിരുവിതാംകൂറിൽ 1817-ൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിക്കൊണ്ട് വിളംബരം പുറപ്പെടുവിച്ചതാണ്.
   (A) റാണി ലക്ഷ്മിഭായി
   (B) സ്വാതിതിരുനാൾ
   (C) ഗൗരി പാർവ്വതിഭായി
   (D) അവിട്ടം തിരുനാൾ

2. അയ്യങ്കാളിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
   (i) സാധുജന പരിപാലനസംഘം സ്ഥാപിച്ചു
   (ii) സംസ്കൃത വിദ്യാലയങ്ങൾ ആരംഭിച്ചു
   (iii) വില്ലുവണ്ടി സമരം നടത്തി
   (iv) തിരുവനന്തപുരം ജില്ലയിൽ ചെമ്പഴന്തിയിൽ ജനിച്ചു
   (A) 1 ഉം 2 ഉം 4 ഉം
   (B) 1 ഉം 3 ഉം
   (C) 1 ഉം 4 ഉം
   (D) ഇവയെല്ലാം

3. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യശില്പി എന്നറിയപ്പെടുന്നതാര്?
   (A) B.R. അംബേദ്കർ
   (B) ഗാന്ധിജി
   (C) V.P. മേനോൻ
   (D) ജവഹർലാൽ നെഹ്രു

4. മൗലാനാ അബ്ദുൾ കലാമുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവനകൾ ഏതെല്ലാം?
   (i) സ്വതന്ത്ര ഇന്ത്യയുടെ രണ്ടാമത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്നു
   (ii) ഇദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 11 ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നു
   (iii) 1958 ഫെബ്രുവരി 22ന് അന്തരിച്ചു
   (iv) അഗ്നിചിറകുകൾ ഇദ്ദേഹത്തിന്റെ ആത്മകഥയാണ്
   (A) 1 ഉം 3 ഉം
   (B) 2 ഉം 4 ഉം
   (C) 1 ഉം 4 ഉം
   (D) 2 ഉം 3 ഉം

5. 'ബോസ്റ്റൺ ടീ പാർട്ടി' ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു.
   (A) ഫ്രഞ്ചു വിപ്ലവം
   (B) അമേരിക്കൻ സ്വാതന്ത്ര്യസമരം
   (C) റഷ്യൻ വിപ്ലവം
   (D) രക്തരഹിത വിപ്ലവം

6. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ പുതിയ ചെയർമാൻ ആര്?
   (A) പുലക് ഘോഷ്
   (B) അമിനാഭ് കാന്ത്
   (C) പ്രൊഫ. ബിമൽ കുമാർ റോയ്
   (D) രാജീവ ലക്ഷ്മൺ കരണ്ടിക്കർ

7. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വടക്കു പർവ്വത നിര.
   (A) ആരവല്ലി
   (B) പശ്ചിമഘട്ടം
   (C) ഹിമാലയം
   (D) പൂർവ്വഘട്ടം

8. പക്ഷികളുടെ തൂവൽപോലെ കാഴ്ചയിൽ തോന്നിക്കുന്ന മേഘം.
(A) നിംബസ് (B) സ്ട്രാറ്റസ് (C) സിറസ് (D) ക്യുമുലസ്

9. പശ്ചിമഘട്ടവും പൂർവ്വഘട്ടവും സന്ധിക്കുന്ന സ്ഥലം
(A) നീലഗിരി (B) ആനമുടി
(C) മഹേന്ദ്രഗിരി (D) ഗാരോകുന്ന്

10. സർവ്വേ ഓഫ് ഇന്ത്യയുടെ സ്ഥിര ആസ്ഥാനം.
(A) ഡൽഹി (B) ഡെറാഡൂൺ
(C) മുംബൈ (D) കൊൽക്കത്ത

11. സിംഹവാലൻ കുരങ്ങുകൾ കാണപ്പെടുന്ന കേരളത്തിലെ ഏക വന്യജീവി സങ്കേതം.
(A) സൈലന്റ് വാലി (B) ഇരവികുളം
(C) പെരിയാർ (D) ഇവയൊന്നുമല്ല

12. ശൈത്യകാലത്ത് ഏറ്റവും കുറഞ്ഞ താപനിലയും ഉഷ്ണകാലത്ത് ഏറ്റവും കൂടിയ താപനിലയും രേഖപ്പെടുത്തിയ ചുരു ഏത് സംസ്ഥാനത്താണ്?
(A) രാജസ്ഥാൻ (B) ഗുജറാത്ത്
(C) പഞ്ചാബ് (D) കാശ്മീർ

13. ഇന്ത്യയുടെ 'ബ്രെഡ് ബാസ്ക്കറ്റ്' എന്ന ബഹുമതി നേടിയ ഇന്ത്യൻ സംസ്ഥാനം.
(A) പഞ്ചാബ് (B) കേരളം
(C) ഉത്തർപ്രദേശ് (D) രാജസ്ഥാൻ

14. ഇന്ത്യൻ ബാങ്കിംഗ് സംവിധാനത്തെ നിയന്ത്രിക്കുന്ന ധനകാര്യ സ്ഥാപനം
(A) IBRD (B) SIDBI (C) RBI (D) NABARD

15. റാബി വിളയ്ക്ക് ഉദാഹരണം
(A) ജോവർ (B) റാഗി (C) ബജ്റ (D) ബാർലി

16. ഇന്ത്യയിലെ 'ധാതു സംസ്ഥാനം' എന്നറിയപ്പെടുന്നത്
(A) ജാർഖണ്ഡ് (B) മധ്യപ്രദേശ്
(C) ഗുജറാത്ത് (D) തമിഴ്നാട്

17. ആസൂത്രണത്തിന് വേണ്ടി ആസൂത്രണ കമ്മീഷനു പകരം നിലവിൽ വന്ന ഭരണ സംവിധാനം.
(A) സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ
(B) നീതി ആയോഗ്
(C) പുനരുജ്ജീവന പദ്ധതി
(D) നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ

18. 2021-22 വർഷത്തിൽ ആഗോള പാൽ ഉല്പാദനത്തിന്റെ ഇരുപത്തിനാല് ശതമാനം സംഭാവന ചെയ്തതോടെ ലോകത്തിൽ പാൽ ഉത്പാദനത്തിൽ ഇന്ത്യയുടെ സ്ഥാനം?

(A) 2 (B) 3 (C) 4 (D) 1

19. എത്ര വയസ്സ് പൂർത്തിയായവർക്കാണ് രാജ്യസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയുക.

(A) 30 (B) 21 (C) 35 (D) 18

20. ഇന്ത്യയുടെ 'മാഗ്നാകാർട്ട ' എന്ന് വിശേഷിക്കപ്പെടുന്നത്?

(A) ആമുഖം (B) സ്വാതന്ത്ര്യം

(C) നിർദ്ദേശക തത്വങ്ങൾ (D) മൗലികാവകാശങ്ങൾ

21. സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം പരാമർശിക്കുന്ന ഭരണഘടന അനുച്ഛേദം

(A) 324 (B) 326 (C) 352 (D) 328

22. നഗരസഭ, ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ എത്ര വയസ്സ് പൂർത്തിയാക്കണം.

(A) 18 (B) 25 (C) 21 (D) 30

23. ഭരണഘടന നിർമ്മാണസമിതിയുടെ അദ്ധ്യക്ഷൻ ആര്?

(A) അംബേദ്കർ (B) ജവഹർലാൽ നെഹ്റു

(C) കെ.എൻ. മുൻഷി (D) ഡോ. രാജേന്ദ്രപ്രസാദ്

24. ശ്യാം സരൺ നേഗി - താഴെ പറയുന്ന ഏത് കാര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു.

(A) പത്രപ്രവർത്തകൻ (B) ഇന്ത്യയിലെ ആദ്യ വോട്ടർ

(C) വിമർശകൻ (D) രാഷ്ട്രീയ നിരീക്ഷകൻ

25. സ്വത്തവകാശം മൗലികാവകാശങ്ങളിൽ നിന്ന് നീക്കം ചെയ്തത് ഏത് ഭരണഘടന ഭേദഗതി വഴിയാണ്.

(A) 44 ാം ഭേദഗതി (B) 42 ാം ഭേദഗതി (C) 73 ാം ഭേദഗതി (D) 96 ാം ഭേദഗതി

26. ഭരണഘടനയിൽ യൂണിയൻ ലിസ്റ്റിൽ പെടാത്ത വിഷയം

(A) വിദേശകാര്യം (B) ബാങ്കിംഗ് (C) കൃഷി (D) പ്രതിരോധം

27. കേരളത്തിലെ തണ്ണീർത്തട പദ്ധതിയുടെ ചെയർമാനാരാണ്?

(A) സംസ്ഥാന പരിസ്ഥിതി വകുപ്പു മന്ത്രി

(B) കൃഷിമന്ത്രി

(C) കൃഷി ഡയറക്ടർ

(D) മുഖ്യമന്ത്രി

28. ജില്ലാതല ദുരന്തനിവാരണ കമ്മറ്റിയുടെ അദ്ധ്യക്ഷനാര്?
(A) മുഖ്യമന്ത്രി
(B) തഹസിൽദാർ
(C) ജില്ലാ കളക്ടർ
(D) റവന്യൂ മന്ത്രി

29. സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ ഇല്ലാതാക്കുക എന്ന ഉദ്ദേശ്യത്തോട് കൂടി ആരംഭിച്ച പദ്ധതി.
(A) ആർദ്രം മിഷൻ
(B) ലൈഫ് പദ്ധതി
(C) ഹരിത കേരളം
(D) ആരോഗ്യ കേരളം

30. ചൈൽഡ് ലൈൻ ടോൾ ഫ്രീ നമ്പർ
(A) 1809
(B) 1908
(C) 9018
(D) 1098

31. ഇന്ത്യയിൽ എത്ര ഭരണഘടന ഭേദഗതികൾ നടന്നു?
(A) 104
(B) 106
(C) 105
(D) 108

32. സാകസ് എന്ററികസ് ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?
(A) വൻകുടലും ചെറുകുടലും ചേരുന്ന ഭാഗം
(B) അന്നനാളത്തിലെ നീർക്കെട്ട്
(C) അപ്പെന്റിക്സ്
(D) ചെറുകുടലിലെ ദഹനരസം

33. മനുഷ്യന്റെ ഡന്റൽ ഫോർമുല ഏത്?
(A) $\frac{1122}{1122}$
(B) $\frac{2123}{2123}$
(C) $\frac{2133}{2133}$
(D) $\frac{1223}{1223}$

34. ECG യിൽ QRS തരംഗം ഏതിനെ സൂചിപ്പിക്കുന്നു?
(A) വെന്ററിക്കുലറിന്റെ സങ്കോചം
(B) ഓറിക്ക്ൾസിന്റെ സങ്കോചം
(C) വെൻട്രിക്ക്ൾസിന്റെ വികാസം
(D) ഇതൊന്നുമല്ല

35. മലേറിയ രോഗാണു (പ്ലാസ്മോടിയം) ഏതു ഘട്ടത്തിലാണ് രോഗമുണ്ടാക്കുന്നത്?
(A) ഗാമിറ്റോഫൈറ്റ്
(B) സ്പോർ
(C) മീറോസോയിറ്റ്
(D) സ്പോറോസോയിറ്റ്

36. ജനനി സുരക്ഷാ യോജനയുടെ ഉദ്ദേശലക്ഷ്യം എന്ത്?
(A) പ്രത്യുൽപ്പാദന നിരക്ക് കുറയ്ക്കൽ
(B) ജനനനിരക്ക് കുറയ്ക്കൽ
(C) മാതൃമരണനിരക്ക് (MMR) കുറയ്ക്കൽ
(D) ഇതൊന്നുമല്ല.

37. ആരാണ് കേന്ദ്ര ഗവൺമെന്റിന്റെ പൊതുജനാരോഗ്യ ഉപദേഷ്ടാവ്?
(A) ഡയറക്ടർ ഓഫ് ഹെൽത് സർവ്വീസസ്
(B) ഡയറക്ടർ ജനറൽ ഓഫ് ഹെൽത് സർവ്വീസസ്
(C) ഹെൽത് മിനിസ്റ്റർ
(D) ഹെൽത് സെക്രട്ടറി

38. ഭൂമിയുടെ പാലായന പ്രവേഗം എത്രയാണ്?
(A) 11.2 km/s (B) 12.2 km/s (C) 2.3 km/s (D) 3.2 km/s

39. ഹൈഡ്രോളിക് ലിഫ്റ്റിന്റെ പ്രവർത്തന തത്വം എന്ത്?
(A) ആർക്കെമിഡീസ് തത്വം (B) പാസ്ക്കൽസ് നിയമം
(C) കെപ്ലെറുടെ നിയമം (D) ബെർണോളിസ് നിയമം

40. ഇലക്ട്രോ മാഗ്നെറ്റിക് സ്പെക്ട്രത്തിലെ 'Heart waves' എന്നറിയപ്പെടുന്ന അംഗം ഏത്?
(A) ഗാമാ കിരണങ്ങൾ (B) റേഡിയോ തരംഗങ്ങൾ
(C) ഇൻഫ്രാറെഡ് കിരണങ്ങൾ (D) മൈക്രോവേവ് തരംഗങ്ങൾ

41. താഴെ തന്നിരിക്കുന്നവയിൽ, 2022-ലെ ഭൗതിക ശാസ്ത്ര നോബേൽ ജേതാവ് അല്ലാത്തതാര്?
(A) അലെയ്ൻ ആസ്പെക്ട് (B) കാരലിൻ ബെർടോസി
(C) ജോൺ ക്ലോസർ (D) ആന്റൺ സൈലിഞ്ജർ

42. താഴെപ്പറയുന്നതിൽ ഭൗതികമാറ്റം ആയിട്ടുള്ളത്
(A) പടക്കം പൊട്ടുന്നത് (B) ഇരുമ്പ് തുരുമ്പിക്കുന്നത്
(C) ഐസ് ഉരുകുന്നത് (D) വിറക് എരിയുന്നത്

43. 916 സ്വർണ്ണാഭരണങ്ങൾ ഏത് വിഭാഗത്തിൽപ്പെടുന്നു?
(A) ലായനി (B) മൂലകം (C) സംയുക്തം (D) അലോഹം

44. സാധാരണ പെയ്യുന്ന മഴവെള്ളത്തിന്റെ pH ആകാൻ സാധ്യതയുള്ളത്.
(A) 5 മുതൽ 5.5 വരെ (B) 7
(C) 8.2 മുതൽ 8.5 വരെ (D) 9.1 മുതൽ 9.7 വരെ

45. CMET, Digital University of Kerala, Tata Steel Limited എന്നിവർ കൂടിച്ചേർന്ന് ഏത് പദാർത്ഥത്തിന്റെ ഗവേഷണകേന്ദ്രം കേരളത്തിൽ സ്ഥാപിക്കാനാണ് 2022-ൽ ധാരണാപത്രം ഒപ്പു വച്ചത്?
(A) സ്റ്റെയിൻലെസ് സ്റ്റീൽ (B) ഗ്രാഫീൻ
(C) ഇൽമനൈറ്റ് (D) $TiO_2$

46. ആനന്ദ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ആര്?
(A) വി.വി. അയ്യപ്പൻ
(B) എം.കെ. മേനോൻ
(C) പി. സച്ചിദാനന്ദൻ
(D) പി. കുഞ്ഞനന്തൻ നായർ

47. കേരളത്തിന്റെ സാംസ്കാരിക ഗാനം രചിച്ചത് ആര്?
(A) ഓ.എൻ.വി. കുറുപ്പ്
(B) സുഗതകുമാരി
(C) വള്ളത്തോൾ
(D) ബോധേശ്വരൻ

48. ‘ബാറ്റൺ കപ്പ്’ ഏത് കായിക വിനോദത്തിന് നൽകുന്ന ട്രോഫിയാണ്?
(A) ബാസ്ക്കറ്റ്ബാൾ
(B) ഹോക്കി
(C) ടെന്നിസ്
(D) ബേസ്ബാൾ

49. ‘കാച്ചിക്കുറുക്കിയ കവിത’ എന്ന് വൈലോപ്പിള്ളി കവിതകളെ വിശേഷിപ്പിച്ച നിരൂപകൻ ആര്?
(A) ജോസഫ് മുണ്ടശ്ശേരി
(B) എം.എൻ. കാരശ്ശേരി
(C) എസ്. ഗുപ്തൻ നായർ
(D) എം.എൻ. വിജയൻ

50. 2022-ലെ വയലാർ അവാർഡിന് അർഹമായ കൃതി ഏത്?
(A) ആടു ജീവിതം
(B) നൃത്തം
(C) മീശ
(D) സമുദ്രശില

51. $\frac{0.001 \times 0.04}{0.004 \times 0.01}$ = ________ ?
(A) 0.1
(B) 0.01
(C) 1
(D) 0.001

52. 5% നിരക്കിൽ കൂട്ടുപലിശ കണക്കാക്കുന്ന ബാങ്കിൽ രാജു 8000 രൂപ നിക്ഷേപിക്കുന്നു. 2 വർഷത്തിന് ശേഷം രാജുവിന് ബാങ്കിൽ നിന്ന് എത്ര തുക ലഭിക്കും.
(A) 8400
(B) 8800
(C) 8860
(D) 8820

53. $3^{n-2} = 243$ ആയാൽ n ന്റെ വില എത്ര?
(A) 6
(B) 7
(C) 8
(D) 5

54. 25 – (30 + 42) ÷ 12 × 2 = ________ ?
(A) 13
(B) 14
(C) 12
(D) 22

55. ഒരു ക്ലാസ്സിലെ 30 കുട്ടികളുടെ ശരാശരി വയസ്സ് 11 ആണ്. ടീച്ചറെയും കൂടി ചേർത്തപ്പോൾ ശരാശരി വയസ്സ് 12 ആയി. ടീച്ചറുടെ വയസ്സ് എത്രയാണ്?
(A) 42
(B) 44
(C) 46
(D) 40

56. ചതുരത്തിലെ വിട്ടുപോയ കളത്തിലെ സംഖ്യ ഏത്?

| | | |
|---|---|---|
| 3 | 8 | 9 |
| 6 | | 4 |
| 11 | 2 | 7 |

(A) 5 (B) 1 (C) 10 (D) 12

57. ഒറ്റയാനെ കണ്ടെത്തുക.

(A) ചതുരം (B) ക്യൂബ്

(C) വൃത്തസ്തൂപിക (D) ഗോളം

58. ശ്രേണിയിലെ അടുത്ത പദം ഏത്?

$\frac{3}{4}$, $1\frac{1}{2}$, $2\frac{1}{4}$, _______

(A) $2\frac{3}{4}$ (B) $2\frac{1}{2}$ (C) 3 (D) $3\frac{1}{2}$

59. A എന്ന സ്ഥലത്തു നിന്ന് ജോണി $\frac{2}{5}$ Km വടക്കോട്ട് സഞ്ചരിച്ച ശേഷം $1\frac{2}{3}$ Km തെക്കോട്ട് സഞ്ചരിച്ചു. എങ്കിൽ A യിൽ നിന്ന് ജോണി എത്ര ദൂരെയാണ്?

(A) $1\frac{4}{15}$Km വടക്ക് (B) $1\frac{4}{15}$Km തെക്ക്

(C) $1\frac{2}{3}$Km വടക്ക് (D) $1\frac{2}{3}$Km തെക്ക്

60. 6 × 5 = 29, 3 × 8 = 23, 4 × 9 = 35

ആയാൽ 7 × 6 എത്ര?

(A) 40 (B) 42 (C) 41 (D) 43

61. A large, densely-packed crowd of people is called _________

(A) through (B) throng

(C) throung (D) throang

62. Which is the correct one?

(A) mischieviously (B) mischeivously

(C) mischievously (D) none of these

63. I am not good _________ playing the piano.

(A) about (B) in (C) for (D) at

64. As an excuse for late, they always __________ stories.

(A) make out (B) make up

(C) make in (D) make about

65. Find the odd one out

(A) add fuel to the fire
(B) add insult to injury
(C) add salt in the wound
(D) add a feather in the cap

66. Neither William nor his relatives _________ arrived.

(A) has
(B) have
(C) is
(D) was

67. If I were you, I _______________

(A) wouldn't have repeat the mistakes
(B) wouldn't repeat the mistakes
(C) wouldn't have repeated the mistakes
(D) wouldn't repeated the mistakes.

68. Change into passive voice 'Raju has cleaned the plates'.

(A) The plates have been cleaned by Raju
(B) The plates has been cleaned by Raju
(C) The plates were cleaned by Raju
(D) The plates has being cleaned by Raju

69. Change into indirect speech.
Anna said, "They have come here many times."

(A) Anna said they have came here many times.
(B) Anna told that they had came there many times.
(C) Anna said that they had come there many times.
(D) Anna told that they came there many times.

70. Find out the antonym of the word, 'pompously'

(A) arrogantly
(B) disdainfully
(C) boastfully
(D) humbly

71. ശരിയായ വാകൃങ്ങൾ തിരഞ്ഞെടുക്കുക.

1. ഞാൻ നിന്നെ ആശ്രയിച്ചത് വേറെ ഗത്യന്തരമില്ലാഞ്ഞാണ്
2. ഞാൻ നിന്നെ ആശ്രയിച്ചതു വേറെ ഗതിയില്ലാഞ്ഞാണ്.
3. ഞാൻ നിന്നെ ആശ്രയിച്ചതു മറ്റു ഗതിയില്ലാഞ്ഞാണ്.
4. ഞാൻ നിന്നെ ആശ്രയിച്ചതു ഗത്യന്തരമില്ലാഞ്ഞാണ്.

(A) 2, 3, 4 എന്നിവ
(B) 2, 3 എന്നിവ
(C) എല്ലാം ശരിയാണ്
(D) എല്ലാം തെറ്റാണ്

72. നാഗരികം എന്നതിന്റെ വിപരീതപദം ഏത്?

(A) നാട്ടിൻപ്പുറം
(B) ഗ്രാമീണം
(C) നഗരം
(D) ഗ്രാമികം

73. യഥോചിതം പിരിച്ചെഴുതുമ്പോൾ

(A) യദ് + ഉചിതം
(B) യഥാ + ഉചിതം
(C) യഥോ + ചിതം
(D) യഥോചി + തം

74. ഒറ്റപ്പദമാക്കുക.

പായ് കെട്ടാനുള്ള മരം

(A) പാഴ്മരം
(B) പാമരം
(C) പായ്കെട്ട് മരം
(D) പായമരം

75. തന്നിരിക്കുന്ന പദത്തിന്റെ എതിർലിംഗമേത് – ചകോരം

(A) ചകോരി
(B) ചകോര
(C) ചകോരിത
(D) ചകോരിണി

76. The day has eyes and night, ears - ഇംഗ്ലീഷിലെ ഈ ചൊല്ലിനോട് സാമ്യമില്ലാത്തത്

1. അരമനരഹസ്യം അങ്ങാടിയിൽ പരസ്യം.
2. കോട്ടയിൽ ഉപദേശം അങ്ങാടിയിൽ പാട്ട്.
3. കോവിലകത്തെ മന്ത്രം അങ്ങാടിയിൽ പാട്ട്
4. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.

(A) 1 മാത്രം
(B) 2, 3 എന്നിവ
(C) 2 മാത്രം
(D) 4 മാത്രം

77. കണ്ണാടി എന്ന പദത്തിന് പര്യായമായി പറ്റാത്തത്

1. ദർപ്പണം
2. മുകുളം
3. ആദർശം
4. കാർമുകം

(A) 1 മാത്രം
(B) 3 മാത്രം
(C) 1, 3 എന്നിവ
(D) 2, 4 എന്നിവ

78. മതി എന്ന പദത്തിന് നാനാർത്ഥമായി വരാത്തത്.

(A) ബുദ്ധി
(B) തൃപ്തി
(C) പകൽ
(D) ചന്ദ്രൻ

79. നെല്ലിപ്പടി കാണുക എന്ന ശൈലിയ്ക്ക് വരാവുന്ന അർത്ഥം.

(A) അങ്ങേയറ്റം വരെ എത്തുക.
(B) ദരിദ്രനാവുക
(C) വിഷമിയ്ക്കുക
(D) വിജയത്തിലെത്തുക.

80. തെറ്റായ പദം ഏത്?

(A) അഗാധം

(B) അടിമത്തം

(C) അസ്തമനം

(D) അഥിതി

81. യൂണിറ്റ് മാസ് ഉള്ള ഒരു വസ്തുവിന്റെ ഊഷ്മാവ് ഒരു ഡിഗ്രി സെൽഷ്യസ് ഉയർത്തുന്നതിനാവശ്യമായ താപത്തിന്റെ അളവാണ് _______?

(A) വിശിഷ്ട താപധാരിത (Specific heat capacity)

(B) താപധാരിത (Heat capacity)

(C) ജ്വലന പരിധി (Range of flammability)

(D) ജ്വലനോഷ്മാവ് (Ignition temperature)

82. ജ്വലനത്തിനു കാരണമായ ഘടകങ്ങളെ അടിസ്ഥാനമാക്കി അഗ്നിശമനം നടത്തുന്നതിനായി അവലംബിക്കുന്ന മാർഗ്ഗങ്ങളിൽ ചുവടെ ചേർക്കുന്നവയിൽ ശരിയായവ ഏത്?

(i) സ്റ്റാർവേഷൻ (Starvation)

(ii) സ്മോതറിംഗ് (Smothering)

(iii) കൂളിംഗ് (Cooling)

(A) (ii), (iii) മാത്രം

(B) (i), (iii) മാത്രം

(C) മുകളിൽ പറയുന്നവയെല്ലാം [(i), (ii), (iii)]

(D) (i), (ii) മാത്രം

83. ചുവടെ ചേർക്കുന്നവയിൽ മാധ്യമം ആവശ്യമില്ലാത്ത താപപ്രേഷണം ഏതാണ്?

(A) സംവഹനം (Convection)

(B) വികിരണം (Radiation)

(C) ചാലകം (Conduction)

(D) ഇവയൊന്നുമല്ല.

84. അവസ്ഥാമാറ്റം സംഭവിയ്ക്കുന്നതിന് യൂണിറ്റ് മാസ് ഉള്ള പദാർത്ഥത്തിന് ആവശ്യമായ താപകത്തെ _________ എന്നു പറയുന്നു.

(A) തിളനില (Boiling point)

(B) ദ്രവണാങ്കം (Melting point)

(C) താപധാരിത (Heat capacity)

(D) ലീനതാപം (Latent heat)

85. ജ്വലന ത്രികോണം (Fire Triangle) പ്രകാരം ജ്വലനം നടക്കുന്നതിനാവശ്യമായ ഘടകങ്ങൾ ചുവടെ ചേർക്കുന്നവയിൽ ഏതൊക്കെയാണ്?

(i) താപം

(ii) കാർബൺഡൈഓക്സൈഡ്

(iii) ഓക്സിജൻ

(iv) ഇന്ധനം

(A) (i), (ii), (iv) മാത്രം

(B) (i), (iii), (iv) മാത്രം

(C) (ii), (iii), (iv) മാത്രം

(D) (i), (ii), (iii) മാത്രം

86. അഗ്നിശമനത്തിനായി ഉപയോഗിക്കുന്ന ഡ്രൈ - കെമിക്കൽ പൗഡർ - BC ടൈപ്പ് ഫയർ എക്സ്റ്റിങ്ഗ്യൂഷറുകളിൽ ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ ചുവടെ ചേർക്കുന്നവയിൽ ഏതെല്ലാമാണ്?

(i) സോഡിയം ബൈകാർബണേറ്റ്

(ii) മഗ്നീഷ്യം സ്റ്റിയറേറ്റ്

(iii) മഗ്നീഷ്യം കാർബണേറ്റ്

(iv) ട്രൈ കാൽസ്യം ഫോസ്ഫേറ്റ്

(A) (i), (iv) മാത്രം

(B) (i), (ii) മാത്രം

(C) (i), (iii), (iv) മാത്രം

(D) മുകളിൽ പറയുന്നവയെല്ലാം ((i), (ii), (iii), (iv))

87. ഡ്രൈ ഐസ് (Dry Ice) എന്നാൽ എന്താണ്?

(A) കോപ്പർ സൾഫേറ്റ്

(B) കാർബൺ മോണോക്സൈഡ്

(C) ഖര കാർബൺഡയോക്സൈഡ്

(D) ഹൈഡ്രജൻ പെറോക്സൈഡ്

88. ജ്വലന സ്രോതസിന്റെ സഹായം ഇല്ലാതെ ഒരു വസ്തു സ്വയം കത്തുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ ഊഷ്മാവിനെ പറയുന്ന പേര് എന്ത്?

(A) ജ്വലനോഷ്മാവ്
(B) ജ്വലന പരിധി
(C) ഫ്ളാഷ് പോയിന്റ്
(D) ഇവയൊന്നുമല്ല.

89. LPG യുടെ HAZCHEM (Hazardous Chemical Code) താഴെ പറയുന്നവയിൽ ഏതാണ്?

(A) 2 P
(B) 2 WE
(C) 2 SE
(D) 2 RE

90. പ്രഥമശുശ്രൂഷയുടെ ലക്ഷ്യങ്ങൾ?

(A) ജീവൻ രക്ഷിക്കുക.

(B) വേദന കുറയ്ക്കുക.

(C) ഗുരുതരാവസ്ഥ ഒഴിവാക്കുക.

(D) മുകളിൽ പറഞ്ഞതെല്ലാം.

91. രക്ത സ്രവം കുറയ്ക്കുന്നതിനുള്ള നടപടികൾ?

(A) വിശ്രമം
(B) ഉയർത്തുക
(C) രണ്ടും ശരി
(D) രണ്ടും തെറ്റ്

92. ശ്വാസതടസ്സത്തിന്റെ കാരണമല്ലാത്തത് ഏത്?

(A) വൈദ്യുതാഘാതം

(B) രക്തം ശർദ്ദിക്കുക

(C) ശ്വാസ നാളത്തിലെ തടസ്സം

(D) വെള്ളത്തിൽ മുങ്ങിത്താഴ്ന്ന് പോകുക.

93. ഷോക്കിന്റെ രോഗലക്ഷണമല്ലാത്തത് ഏത്?

(A) അമിതനാഡി സ്പന്ദനം

(B) അപസ്മാരം

(C) മുഖത്തുള്ള വിളർച്ച

(D) ശ്വാസം മുട്ടൽ

94. അണലി വിഷം ശരീരത്തിൽ എങ്ങനെ ബാധിക്കുന്നു?

(A) രക്തക്കുഴലുകളെ

(B) ഞരമ്പുകളെ

(C) ശ്വാസകോശത്തെ

(D) കുടലുകളെ

95. പെട്ടെന്നുള്ള മരണ കാരണം

(A) ഹൃദയാഘാതം

(B) എലിപ്പനി

(C) മലമ്പനി

(D) മഞ്ഞപിത്തം

96. പൊള്ളലിന്റെ പ്രാഥമിക ശുശ്രൂഷ എന്ത്?

(A) ഓടുക

(B) ചാടുക

(C) നിലത്തുരുളുക

(D) കട്ടികുറഞ്ഞ വസ്ത്രങ്ങൾ കൊണ്ട് പുതയ്ക്കുക.

97. ഭക്ഷണ പദാർത്ഥങ്ങൾ ശ്വാസനാളത്തിൽ തടഞ്ഞാൽ എന്തു ചെയ്യും?

(A) ചുമയ്ക്കുക

(B) പുറത്ത് തട്ടുക

(C) വാരിയെല്ലുകൾക്കു താഴെ കൈ കോർത്തു പിടിക്കുക.

(D) മുകളിൽ പറഞ്ഞതെല്ലാം

98. ഹൃദയാഘാതം മൂലമുള്ള നെഞ്ചുവേദന എങ്ങനെ തിരിച്ചറിയാം?

(A) നെഞ്ചിന്റെ വലതു വശത്തുള്ള വേദന

(B) ശ്വാസം അകത്തേക്കെടുക്കുമ്പോൾ ഉള്ള വേദന

(C) നെഞ്ചിൽ നിന്നും ഇടത്തെ തോളിലേയ്ക്കു കൈകളിലേയ്ക്കു പടരുന്ന വേദന

(D) നെഞ്ചിൽ തൊടുമ്പോൾ ഉള്ള വേദന

99. പോലീസ് കണ്ടുകെട്ടിയ ഒരു മൊബൈൽ ഫോണിൽ ഫോണിന്റെ ഉടമ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ അടങ്ങുന്ന ഫയൽ സ്വമേധയാ സ്വീകരിച്ചതായും ഡൗൺലോഡ് ചെയ്തതായും കണ്ടെത്തി. എന്നാൽ ഫോൺ ഉടമ ആ ഫയലുകൾ മറ്റാർക്കും അയച്ചിരുന്നില്ല. ആ വ്യക്തി താഴെ പറയുന്നവയിൽ ഏത് വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് അർഹനാണ്?

(A) വകുപ്പ് 20 വിവരാവകാശ നിയമം 2005

(B) വകുപ്പ് 67A വിവരസാങ്കേതിക നിയമം 2000

(C) വകുപ്പ് 67B വിവര സാങ്കേതിക നിയമം 2000

(D) വകുപ്പ് 21 വിവരാവകാശ നിയമം 2005

100. കമ്പ്യൂട്ടറിന്റെ ഉടമയുടെ അനുമതിയില്ലാതെ ആരെങ്കിലും അനധികൃതമായി സത്യസന്ധതയില്ലാതെയോ വഞ്ചനാപരമായോ ആ കമ്പ്യൂട്ടറിൽ പ്രവേശനം ചെയ്താൽ ആ വ്യക്തിക്കെതിരെ വിവരസാങ്കേതിക നിയമം 2000 പ്രകാരം ഏത് കുറ്റം ചുമത്താവുന്നതാണ്?

(A) ഹാക്കിംഗ്

(B) വകുപ്പ് 66 - കമ്പ്യൂട്ടർ സംബന്ധമായ കുറ്റകൃത്യങ്ങൾ

(C) വകുപ്പ് 66C - ഐഡന്റിറ്റി മോഷണം

(D) വകുപ്പ് 43 പ്രകാരം കുറ്റകൃത്യം അല്ല പിഴ മാത്രം കൊടുത്താൽ മതി.

## SPACE FOR ROUGH WORK